"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് - സംസ്ഥാന ക്ഷീരകർഷക സംഗമം **"പടവ് 2023"** - തൃശ്ശൂർ ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നും സംഭാവന നൽകുന്നതിന് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്.എം.) വകുപ്പ്**

സ.ഉ.(സാധാ) നം.302/2023/LSGD തീയതി,തിരുവനന്തപുരം, 02-02-2023

---

പരാമർശം:- 1. ക്ഷീരവികസന വകുപ്പ് ഡയറക്ടറുടെ 28.01.2023 തീയതിയിലെ കത്ത്.

2 ബഹു. മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രിയുടെ 30.01.2023 ലെ കുറിപ്പ്.

**ഉത്തരവ്**

ക്ഷീരവികസന വകുപ്പിന്റെ ആഭിമുഖ്യത്തിലുള്ള സംസ്ഥാന ക്ഷീരകർഷ സംഗമം **"പടവ് 2023"** ഫെബ്രുവരി 10 മുതൽ 15 വരെ തൃശ്ശൂർ മണ്ണുത്തി, വെറ്ററിനറി കോളേജിൽ വച്ച് നടത്തുകയാണെന്നും ആയതിന്റെ സുഗമമായ നടത്തിപ്പിലേക്കായി തൃശ്ശൂർ ജില്ലയിലെ എല്ലാ ബ്ളോക്ക് പഞ്ചായത്തുകളിൽ നിന്നും, ഗ്രാമപഞ്ചായത്തുകളിൽ നിന്നും മുനിസിപ്പാലിറ്റികളിൽ നിന്നും 10,000 രൂപ വീതവും, കോർപ്പറേഷനുകളിൽ നിന്നും 20,000 രൂപ വീതവും തനത് ഫണ്ടിൽ നിന്നും ക്ഷീരസംഗമത്തിന് സംഭാവന നൽകുന്നതിനായി അനുമതി നൽകണമെന്ന് പരാമർശം (1) പ്രകാരം ക്ഷീരവികസന വകുപ്പ് ഡയറക്ടറുടെ അപേക്ഷ പരാമർശം (2) പ്രകാരം ബഹു. മന്ത്രി ശിപാർശ ചെയ്ത് സമർപ്പിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2023 വർഷത്തെ സംസ്ഥാന ക്ഷീരസംഗമം "പടവ് 2023"ന്റെ സുഗമമായ നടത്തിപ്പിലേക്കായി തൃശ്ശൂർ ജില്ലയിലെ എല്ലാ ബ്ളോക്ക് പഞ്ചായത്തുകളിൽ നിന്നും, ഗ്രാമപഞ്ചായത്തുകളിൽ നിന്നും മുനിസിപ്പാലിറ്റികളിൽ നിന്നും 10,000 രൂപ വീതവും, കോർപ്പറേഷനുകളിൽ നിന്നും 20,000 രൂപ വീതവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ യോഗ തീരുമാനത്തിന് വിധേയമായി തനത് ഫണ്ടിൽ നിന്നും സംഭാവന നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. ധനസഹായം നൽകുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സംഘാടക സമിതി കൺവീനർ ധനവിനിയോഗ സാക്ഷ്യപത്രം നൽകേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SHERLI P
സ്പെഷ്യൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്.
ഡയറക്ടർ, എൽ. എസ്. ജി. ഡി. (അർബൺ), തിരുവനന്തപുരം.
ഡയറക്ടർ, എൽ. എസ്. ജി. ഡി. (റൂറൽ), തിരുവനന്തപുരം.
ഗ്രാമ വികസന കമ്മിഷണർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശൂർ.
ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾ (പകർപ്പ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖേന)
ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്തുകൾ (പകർപ്പ് ഗ്രാമവികസന കമ്മീഷണർ മുഖേന)
ബന്ധപ്പെട്ട നഗരസഭകൾ / കോർപ്പറേഷൻ (പകർപ്പ് നഗരകാര്യ ഡയറക്ടർ മുഖേന)
ഡയറക്ടർ, ക്ഷീര വികസന വകുപ്പ് ഡയറക്ടറേറ്റ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,
തിരുവനന്തപുരം (തദ്ദേശ സ്വയംഭരണ വകുപ്പ് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
M.k.pradeesh Kumar
സെക്ഷൻ ഓഫീസർ
Date: 03-02-2023 14:12:24

പകർപ്പ്

ബഹു. മുഖ്യമന്ത്രിയുടെ പി എസ്സിന്
ബഹു. തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി. എസ്സിന്